# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3503 — 12/12/2014 ലെ മറുപടിക്ക്

## എൻഡോസൾഫാന്റെ അമിതമായ തോതിലെ ഉപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ അമിതമായ തോതിൽ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എൻഡോസൾഫാന്റെ ഉപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ബി) 06.11.2014 ന് കൃഷി വകുപ്പിലേയും മലിനീകരണ നിയന്ത്രണ ബോർഡിലേയും ഉദ്യോഗസ്ഥരുടെ യോഗം പാലക്കാട് ജില്ലാ കളക്ടറുടെ ചേമ്പറിൽ വച്ച് നടത്തുകയുണ്ടായി. അട്ടപ്പാടി, ചിറ്റൂർ താലൂക്ക് മേഖലകളിൽപ്പെടുന്ന പഞ്ചായത്തുകളിൽ എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനും ഇവയുടെ ഉപയോഗം തടയുന്നതിനുമായി അടിയന്തിരനടപടികൾ കൃഷി വകുപ്പിന്റെ ചുമതലയിൽ സ്വീകരിക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. അതനുസരിച്ച് കൃഷി ഡെപ്യൂട്ടി ഡയറക്ടർ, കൃഷി അസി:ഡയറക്ടർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ സ്ക്വാഡ് അഗളി, മുതലമട, കൊല്ലങ്കോട് പ്രദേശങ്ങളിൽ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടില്ല. 'Imidachlorprid, Lamdacyhalothrin, wettable sulphur' എന്നിവ മാവിന് സ് പ്രേ ചെയ്യുന്നതായി കണ്ടെത്തി. ഇവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും അനുവദിക്കപ്പെട്ട ഡോസിൽ സ് പ്രേ ചെയ്യുന്നതിനുള്ള ബോധവൽക്കരണം നടത്തിയിട്ടുണ്ട്. മാവ് പൂക്കുന്ന സമയത്തുള്ള കീടാക്രമണം ചെറുക്കുന്നതിനാവശ്യമായ ജൈവ കീടനാശിനികൾ സംബന്ധിച്ച ശുപാർശകൾ കാർഷിക സർവകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ